വൃത്തിയാക്കൽ, കല്ല് നീക്കം ചെയ്യൽ, ഗുണനിലവാരം അനുസരിച്ച് തരം തിരിക്കുക, പ്രാഥമിക സംസ്കരണത്തിനായി തോട്ടനീക്കുക, വാക്സിംഗ്, കണ്ടിഷനിംഗ്, പൊടിക്കൽ, കതിർക്കൽ, പതംവരുത്തൽ, അരിച്ചെടുക്കൽ, ഉണക്കൽ, ഇറേഡിയേഷൻ, എണ്ണ ഉൽപാദന ഉപകരണങ്ങൾ, ബാഷ്പീകരണ യന്ത്രങ്ങൾ, സെൻട്രിഫ്യൂഗേഷൻ ചെയ്യുന്നതിനുള്ള യന്ത്രങ്ങൾ, ഉണക്കാനുള്ള യന്ത്രങ്ങൾ, പാക്കേജിങ്, സംഭരണ ടാങ്കുകൾ മുതലായവ.

## ഉത്പന്നാധിഷ്ഠിത പ്രവർത്തനങ്ങൾ

വൃത്തിയാക്കൽ, കല്ല് നീക്കം ചെയ്യൽ, ഗുണനിലവാരം അനുസരിച്ച് തരം തിരിക്കുക, പ്രാഥമിക സംസ്കരണത്തിനായി തോട്ടനീക്കുക, വാക്സിംഗ്, കണ്ടിഷനിംഗ്, പൊടിക്കൽ, കതിർക്കൽ, പതംവരുത്തൽ, അരിച്ചെടുക്കൽ, ഉണക്കൽ, ഇറേഡിയേഷൻ, എണ്ണ ഉൽപാദന ഉപകരണങ്ങൾ, ബാഷ്പീകരണ യന്ത്രങ്ങൾ, സെൻട്രിഫ്യൂഗേഷൻ ചെയ്യുന്നതിനുള്ള യന്ത്രങ്ങൾ, ഉണക്കാനുള്ള യന്ത്രങ്ങൾ, പാക്കേജിങ്, സംഭരണ ടാങ്കുകൾ മുതലായവ.

## കൂടുതൽ വിവരങ്ങൾക്കു ബന്ധപെടുക..

കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവൻ,
ജില്ലാ കൃഷി ഓഫീസ് കൂടാതെ
താഴെ തന്നിരിക്കുന്ന AIF സോണൽ കോഓർഡിനേറ്റർമാർ
എന്നിവരുമായും ബന്ധപ്പെടാവുന്നതാണ്.

- തിരുവനന്തപുരം - 8921540233, 9020060507
- കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം - 6235277042
- ഇടുക്കി, എറണാകുളം - 9048843776
- തൃശ്ശൂർ, പാലക്കാട്, മലപ്പുറം - 8075480273
- വയനാട്, കോഴിക്കോട് - 8921785327
- കണ്ണൂർ, കാസർകോഡ് - 7907118539


| | | |
|---|---|---|
| *ചീഫ് എഡിറ്റർ* | : | പത്മം എസ്., പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ |
| *എഡിറ്റർ* | : | പ്രശാന്ത് ജി.എസ്., പബ്ലിക്കേഷൻ ഓഫീസർ |
| *വിവരങ്ങൾക്ക് കടപ്പാട്* | : | *മാർക്കറ്റിംഗ് വിഭാഗം*, കാർഷികവികസന കർഷകക്ഷേമ വകുപ്പ് |
| *അച്ചടിച്ച വർഷം* | : | *2023* |
| *ലേ-ഔട്ട്* | : | മായ സന്തോഷ് |

കാർഷികവികസന കർഷകക്ഷേമ വകുപ്പ്
ഫാം ഇൻഫർമേഷൻ ബ്യൂറോ


## AIF-ൽ ഉൾപ്പെടുത്താൻ കഴിയുന്ന പ്രധാന കേന്ദ്ര/സംസ്ഥാന സബ്സിഡി സ്കീമുകൾ


1. **മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചറിന് (MIDH) കീഴിലുള്ള ഉപപദ്ധതികൾ**
   35% - 50% മൂലധന സബ്സിഡി (കൂളിംഗ് യൂണിറ്റുകൾ, പാക്ക് ഹൗസ്, പഴുപ്പിക്കുന്ന അറകൾ, റീഫർ വാനുകൾ മുതലായവ).
2. **പ്രധാനമന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസ്സിംഗ് എന്റർപ്രൈസസ് സ്കീം (PMFME)**
   35% മൂലധന സബ്സിഡി സഹിതം FPO-കൾക്കുള്ള സാങ്കേതിക പിന്തുണ, SHG കളുടെ പ്രവർത്തന മൂലധനം, DPR തയാറാകുന്നതിനുള്ള പരിശീലനം തുടങ്ങിയവക്ക്
3. **സബ് മിഷൻ ഓൺ അഗ്രിക്കൾച്ചർ മെക്കനൈസേഷൻ (SMAM)**
   വ്യക്തികൾക്ക് 40% വരെയും ഗ്രൂപ്പുകൾക്ക് 80% വരെയും സബ്സിഡി
4. **PM-KUSUM**
   അഗ്രി പമ്പുകളുടെ സൗരോർജ്ജവൽക്കരണം -ഘടകം B & ഘടകം C.
5. **പ്രധാനമന്ത്രി എംപ്ലോയ്മെന്റ് ജനറേഷൻ പ്രോഗ്രാം (PMEGP)**
   നിർമ്മാണത്തിനും ബിസിനസ് മേഖലയ്ക്കും 15%-35% വരെ സബ്സിഡി
6. **എന്റർപ്രണർ സപ്പോർട്ട് സ്കീം (ESS)**
   സ്ഥിര മൂലധന നിക്ഷേപത്തിന്റെ 15% മുതൽ 45% വരെ സബ്സിഡി
7. **ടെക്നോളജി മിഷൻ ഓൺ കോക്കനട്ട് – നാളികേര വികസന ബോർഡ്**
   പദ്ധതിയുടെ മൂലധന ചെലവിന്റെ 25% വരെ സബ്സിഡി
8. **PACS as MSC സ്കീം**
   PACS-ന് കാർഷിക അനുബന്ധ പ്രവർത്തനങ്ങൾക്ക് 4% പലിശ നിരക്കിൽ വായ്പ
9. **രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY)**
   ഉൽപ്പാദനത്തിനും വിളവെടുപ്പാനന്തര പ്രവർത്തനങ്ങൾക്കുമായി RKVY സ്കീമിന് കീഴിൽ കേന്ദ്രം നൽകുന്ന നിരവധി ഫണ്ടുകൾക്കായുള്ള സംസ്ഥാന പദ്ധതിയുമായി ഒത്തുചേരൽ.
10. **ഓപ്പറേഷൻ ഗ്രീൻസ്**
    ശേഖരണ കേന്ദ്രങ്ങൾ, ഗതാഗതം, സംഭരണം, ഇ-വിപണന സൗകര്യങ്ങൾ തുടങ്ങിയവയ്ക്ക് 50% മൂലധന സബ്സിഡി.
11. **ഇന്റഗ്രേറ്റഡ് സ്കീം ഓൺ അഗ്രിക്കൾച്ചർ കോ-ഓപ്പറേഷൻ (ISAC) by NCDC**
    കാർഷിക ഉത്പന്നങ്ങളുടെ സംസ്കരണം, സംഭരണം തുടങ്ങിയവയ്ക്കായി PACS-കൾക്ക് സാമ്പത്തിക സഹായം.
12. **ഗോബർ-ധൻ- ജൽ ശക്തി മന്ത്രാലയം**
    പ്രതിദിനം 12000 ക്യു.മി ഉല്പാദന ശേഷിയുള്ള ബയോ ഗ്യാസ് പ്ലാന്റുകൾക്ക് 1 കോടി രൂപയുടെ സാമ്പത്തിക സഹായവും പ്രതിദിനം 4800 കി.ഗ്രാം ഉല്പാദന ശേഷിയുള്ള ബയോ-സിഎൻജി പ്ലാന്റുകൾക്ക് 4.0 കോടി രൂപ വരെയും സാമ്പത്തിക സഹായം ലഭിക്കും.
13. **പിഎം കിസാന് കീഴിലുള്ള പദ്ധതികൾ (PMKSY)**
    ക്ലീനിംഗ്, ഗ്രേഡിംഗ്, സോർട്ടിംഗ്, പാക്കേജിംഗ്, ഡ്രൈയിംഗ്, IQF മുതലായ അടിസ്ഥാന സൗകര്യങ്ങൾക്ക് 35% മൂലധന സബ്സിഡി.
14. **അഗ്രികൾച്ചറൽ മാർക്കറ്റിംഗ് ഇൻഫ്രാസ്ട്രക്ചർ സ്കീം (AMI)**
    വെയർഹൗസിനും, പ്രാഥമിക സംസ്കരണ ഇൻഫ്രാസ്ട്രക്ചറിനും 33.33% വരെ സബ്സിഡി.


കേരള സർക്കാർ

കാർഷികവികസന
കർഷകക്ഷേമ വകുപ്പ്


# കാർഷിക അടിസ്ഥാന സൗകര്യ വികസന നിധി

## Agriculture Infrastructure Fund (AIF)



## എന്താണ് കാർഷിക അടിസ്ഥാന സൗകര്യ വികസന പദ്ധതി?

കാർഷിക അടിസ്ഥാന സൗകര്യ മേഖലയിൽ കൂടുതൽ നിക്ഷേപം ലഭ്യമാക്കി കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനായി രൂപീകരിച്ച വായ്പാ ധനസഹായ പദ്ധതിയാണ് കാർഷിക അടിസ്ഥാന സൗകര്യ വികസന നിധി അഥവാ അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട്(AIF). ഈ പദ്ധതി പ്രകാരം ശീതീകരണ സംഭരണികൾ, സംഭരണ കേന്ദ്രങ്ങൾ, സംസ്കരണ യൂണിറ്റുകൾ തുടങ്ങി സാമൂഹികാടിസ്ഥാനത്തിലുള്ള കാർഷിക ആസ്തികളും വിളവെടുപ്പാനന്തര അടിസ്ഥാന സൗകര്യങ്ങളും നിർമ്മിക്കുവാൻ കഴിയും. കൂടാതെ വിളവെടുപ്പിന് ശേഷമുള്ള വിളകളുടെ നഷ്ടം പരമാവധി കുറയ്ക്കുവാനും ഈ പദ്ധതി സഹായകരമാണ്.

## പദ്ധതിയുടെ സവിശേഷതകൾ:

1. പദ്ധതിയുടെ കാലാവധി 2020 - 21 മുതൽ 2032 - 33 വരെയാണ്. വായ്പ അനുവദിക്കുന്നത് 2025-26 വരെയും.
2. **പലിശ ഇളവ്** - 2 കോടി രൂപ വരെ 3 % പലിശ ഇളവ് ലഭിക്കുന്നതാണ്.
3. **ക്രെഡിറ്റ് ഗ്യാരണ്ടി** - 2 കോടി രൂപ വരെയുള്ള വായ്പകൾക്ക് ഗവൺമെന്റ് ക്രെഡിറ്റ് ഗ്യാരണ്ടി(CGTMSE) നൽകുന്നു.
4. **വായ്പ കാലാവധി** - 2 വർഷം മൊറട്ടോറിയം ഉൾപ്പടെ 7 വർഷം.
5. **സംയോജിത പദ്ധതികൾ** - 3 % പലിശയിളവിനു പുറമെ കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികളുടെ ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്.
6. **വായ്പാ പരിധി** - കുറഞ്ഞ തുകയും പരമാവധി തുകയും ബാധകമാക്കിയിട്ടില്ല.
7. **പ്രോജക്ടുകളുടെ എണ്ണം** - ഓരോ ഗുണഭോക്താവിനും വ്യത്യസ്തമായ 25 യൂണിറ്റുകൾ വരെ ഒരു വില്ലേജിൽ ആരംഭിക്കാം (സംസ്ഥാന ഏജൻസികൾ, ഫെഡറേഷനുകൾ എന്നിവയ്ക്ക് 25 എണ്ണം എന്ന പരിധി ബാധകമല്ല). ഓരോ യൂണിറ്റിനും 2 കോടി രൂപ വരെയുള്ള തുകയ്ക്ക് 3% പലിശ ഇളവും ലഭ്യമാണ്.

## വായ്പ ലഭ്യതാ സൗകര്യം

- വായ്പ നൽകുന്ന സ്ഥാപനങ്ങൾ - വാണിജ്യ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ, NBFC-കൾ, NCDC, കേരള ബാങ്ക്.
- കേന്ദ്ര സർക്കാർ സഹായത്തോടുകൂടി പ്രവർത്തിക്കുന്ന ഓൺലൈൻ അപേക്ഷ പോർട്ടൽ വഴി അതിവേഗതയിൽ വായ്പ ലഭ്യമാക്കുന്നു.

## AIF വായ്പ അപേക്ഷാ പ്രക്രിയ

1. https://agriinfra.dac.gov.in/ എന്ന പോർട്ടലിലേക്ക് പോകുക.
2. അപേക്ഷകൻ Beneficiary ഓപ്ഷനിൽ Registration ക്ലിക്ക് ചെയ്ത തിനുശേഷം OTP നൽകി രജിസ്റ്റർ ചെയുക.
3. അപേക്ഷകന്റെ ID & Password ഉപയോഗിച്ച് DPRഉം മറ്റു വിവരങ്ങളും നൽകിയതിനു ശേഷം submit ക്ലിക്ക് ചെയുക.
4. AIF ടീം അപേക്ഷ പരിശോധിച്ച് വിലയിരുത്തലിനായി ബാങ്ക് ശാഖയിലേക്ക് മാറ്റുന്നു.
5. സമർപ്പിച്ച അപേക്ഷകൾ ബാങ്ക് പ്രതിനിധികൾ പരിശോധിക്കുന്നതാണ്.
4. ബാങ്ക് പരിശോധിച്ചതിനു ശേഷം ക്രെഡിറ്റ് ഗ്യാരണ്ടി നൽകുന്നതിന് CGTMSE-ൽ രജിസ്റ്റർ ചെയ്ത് വായ്പ അനുവദിക്കുന്നു. തുടർന്ന് ഷെഡ്യൂൾ പ്രകാരം വായ്പകൾ വിതരണം ചെയ്യുന്നതാണ്.
5. ഓരോ ഘട്ടത്തിലും വായ്പ വിവരങ്ങൾ അപേക്ഷകന് SMS ആയി ലഭിക്കുന്നു.

## ഗുണഭോക്താക്കൾ

- കർഷകർ
- കർഷക സംഘങ്ങൾ (FPO's, FPO കൂട്ടായ്മകൾ, JLG, SHG, എസ്എച്ച്ജി കൂട്ടായ്മകൾ)
- കാർഷിക സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ
- മറ്റു സഹകരണ സ്ഥാപനങ്ങൾ (മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, മൾട്ടി പർപ്പസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, നാഷണൽ ഫെഡറേഷൻസ് ഓഫ് കോഓപ്പറേറ്റീവ്സ്, പ്രാഥമിക കാർഷിക സഹകരണ സംഘം (PACS))
- സമൂഹ കൃഷി - ജൈവവള ഉൽപ്പാദനം, കാര്യക്ഷമമായ സൂക്ഷ്മ കൃഷിക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ, ജൈവ ഉത്തേജന ഉല്പാദന യൂണിറ്റ്, കേന്ദ്ര/സംസ്ഥാന ഏജൻസികൾ, പ്രാദേശിക ഗവൺമെന്റുകൾ പ്രോത്സാഹിപ്പിക്കുന്ന PPP പദ്ധതികൾ വിതരണ ശൃംഖലകളുടെ അടിസ്ഥാന സൗകര്യം- കയറ്റുമതി സംഘങ്ങൾ മുതലായവ.

## അനുയോജ്യമായ വിളകൾ

- ധാന്യങ്ങൾ (ഗോതമ്പ്, നെല്ല് മുതലായവ)
- പഴങ്ങളും പച്ചക്കറികളും
- ഓയിൽ സീഡ്സ്
- പയറുവർഗ്ഗങ്ങൾ
- കരിമ്പ്
- കൊക്കോ
- കാപ്പി
- കശുവണ്ടി
- മുരിങ്ങ
- തേയില
- റബ്ബർ
- ഔഷധ വിളകൾ
- സുഗന്ധ വ്യഞ്ജനങ്ങൾ

## അനുയോജ്യമായ പദ്ധതികൾ

### വ്യക്തികൾക്കും സമൂഹ കൃഷിക്കും അനുയോജ്യമായ പദ്ധതികൾ

1. ഇ-മാർക്കറ്റിങ് ഉൾപ്പെടെയുള്ള വിതരണ ശൃംഖല
2. സംഭരണ കേന്ദ്രങ്ങൾ
3. സംഭരണികൾ, പാക്ക്ഹൗസ്
4. ഗുണ നിലവാര കേന്ദ്രങ്ങൾ
5. ഗുണനിലവാരം അനുസരിച്ചുള്ള തരം തിരിക്കൽ
6. ശീതീകരണ ശൃംഖലകൾ
7. ലോജിസ്റ്റിക് സേവനങ്ങൾ
8. പ്രാഥമിക സംസ്കരണ കേന്ദ്രങ്ങൾ
9. പഴവർഗ്ഗങ്ങൾ പാകമാക്കുന്നതിനുള്ള സംവിധാനങ്ങൾ
10. കാര്യക്ഷമമായ സൂക്ഷ്മ കൃഷിക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ(smart & precision farming)
11. വിള ഭൂമിയിലും/വിളവെടുപ്പിനും ഉള്ള യന്ത്രവൽക്കരണം
12. ഇന്റർനെറ്റ് അടിസ്ഥാനമാക്കിയുള്ള കാർഷിക ഉപദേശ സംവിധാനം (GIS)
13. കൃഷി ആവശ്യത്തിനുള്ള ഡ്രോണുകൾ വാങ്ങുന്നതിനും കൃഷിയിടങ്ങളിൽ പ്രത്യേക സെൻസറുകൾ, നിർമിത ബുദ്ധി അടിസ്ഥാനമാക്കിയുള്ള ബ്ലോക്ക് ചെയിൻ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന്
14. റിമോട്ട് സെൻസിംഗ് മുഖേനയുള്ള കാലാവസ്ഥ നിർണ്ണയ കേന്ദ്രങ്ങൾ
15. തേൻ സംസ്കരണം
16. പട്ടുനൂൽ കൃഷി
17. കൂൺ വിത്തുല്പാദനം
18. പ്ലാന്റ് ക്വാറന്റയിൻ
19. കംപ്രസ്ഡ് ബയോഗ്യാസ് പ്ലാന്റ് (CBG)
20. കാർഷിക പമ്പുകൾ/നിലവിലുള്ള ഉല്പാദന യൂണിറ്റുകളുടെ സൗരോർജ്ജ വൽക്കരണം
21. കസ്റ്റം ഹയറിംഗ് സെന്റർ (CHC)
22. ജൈവ വളവും ജൈവ ഉത്തേജന ഉല്പാദന യൂണിറ്റുകളും

### സമൂഹ കൃഷിക്ക് അനുയോജ്യമായ പദ്ധതികൾ

1. കൂൺ കൃഷി
2. വെർട്ടിക്കൽ ഫാമിംഗ്
3. ഹൈഡ്രോപോണിക്സ്
4. എയ്റോപോണിക്സ്
5. പോളിഹൗസ് / ഗ്രീൻഹൗസ്
6. ട്രാക്ടർ